Vol.20 No.09 Sep. 2023

# കാരുണികൻ

സമഗ്ര ദൈവശാസ്ത്ര മാസിക



## വചനബോധി
## ലത്തീൻ

**വചനബോധി** ലത്തീൻ


സെപ്തംബർ 24, ഏശ 55:6-9, മത്താ 20:1-16 ........................................53
ഡോ. സ്റ്റാൻലി മാതിരപ്പിള്ളി
ഫാ. സുബിൻ കിടങ്ങേൻ

ഒക്ടോബർ 01, മത്താ 21:28-32 ..........................................................................57
ഡോ. സ്റ്റാൻലി മാതിരപ്പിള്ളി
ഫാ. ആന്റണി ലിജോ ഓടത്തക്കൽ

ഒക്ടോബർ 08, മത്താ 21:33-44 ..........................................................................60
ഡോ. സ്റ്റാൻലി മാതിരപ്പിള്ളി
ഫാ. മാർട്ടിൻ എൻ. ആന്റണി O. de M

ഒക്ടോബർ 15, മത്താ 22:1-14 ............................................................................64
ഡോ. സ്റ്റാൻലി മാതിരപ്പിള്ളി
ഫാ. ജോയ് ജെ. കപ്പുച്ചിൻ

# ഏശ 55:6 – 9

# മത്താ 20:1 – 16

സെപ്തംബർ 24, ആണ്ടുവട്ടം 25–ാം ഞായർ

## ഏശ 55:6 – 9

### I. പശ്ചാത്തലം

സമ്പത്തുള്ളതുകൊണ്ട് നിത്യജീവന്റെ വഴി തിരസ്കരിക്കുന്ന ധനിക യുവാവിന്റെ അന്ധമായ കാഴ്ചപ്പാടും യേശുവിനെപ്രതി എല്ലാം ത്യജിക്കുന്നവന് നൂറിരട്ടി പ്രതിഫലവും നിത്യജീവനും ലഭിക്കും എന്ന യേശുവിന്റെ ആഹ്വാനവും വിരൽ ചൂണ്ടുന്നത് ഒരേ കാര്യത്തിലേക്കാണ്; നിന്റെ നോട്ടം നന്മനിറഞ്ഞതോ തിന്മനിറഞ്ഞതോ? ഇത് വ്യക്തമാക്കാൻ യേശു ഈ ഉപമ പറയുന്നു.

### II. പ്രമേയം

1. ഏശയ്യാ പ്രവാചകൻ ഇവിടെ സംസാരിക്കുന്നത് ബാബിലോൺ വിപ്രവാസത്തിൽ കഴിയുന്ന യഹൂദരോടാണ്. വിപ്രവാസത്തിൽ കഴിയുന്ന ജനങ്ങൾക്കിടയിൽ രണ്ടുപക്ഷക്കാരുണ്ടായിരുന്നു. ബഹുഭൂരിപക്ഷം വരുന്ന ദരിദ്രവിഭാഗത്തിന് കർത്താവിലുള്ള വിശ്വാസം നഷ്ടപ്പെട്ടിരുന്നില്ല. വിപ്രവാസാനുഭവം തങ്ങൾക്കു വന്നത് തങ്ങളുടെതന്നെ അവിശ്വാസത്തിന്റെയും അവിശ്വസ്തതയുടെയും ഫലമാണെന്ന് അവർ തിരിച്ചറിഞ്ഞിരുന്നു. എങ്കിലും ദൈവം കരുണ കാണിക്കും. ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഈ വിപ്രവാസം അവസാനിക്കും. കർത്താവിങ്കലേക്ക് തിരിയുന്നവർക്ക് അവിടുത്തെ കരുണ ലഭിക്കാതിരിക്കില്ല.

എന്നാൽ രണ്ടാമതൊരു പക്ഷമുണ്ട്. അവർ സമൂഹത്തിലെ ഉന്നതരും നേതാക്കളുമാണ്. ബാബിലോൺ ഭരണസംവിധാനങ്ങളോട് കൂറുപുലർത്തിയും അവരുടെ അധികാരമേഖലകളിൽ പങ്കുപറ്റിയും കഴിഞ്ഞിരുന്ന അവർ കർത്താവിനെതിരേ പിറുപിറുക്കുകയാണ് ചെയ്തത്. അവരുടെ വീക്ഷണത്തിൽ കർത്താവ് ദാവീദിനോടു ചെയ്ത വാഗ്ദാനം നിറവേറ്റിയില്ല. ഈ പശ്ചാത്തലത്തി

ലാണ് ഏശയ്യാ പ്രവാചകൻ ദൈവത്തിന്റെ വഴികളെക്കുറിച്ച് സംസാരിക്കുന്നത്. "എന്റെ ചിന്തകൾ നിങ്ങളുടേതുപോലെയല്ല; നിങ്ങളുടെ വഴികൾ എന്റേതുപോലെയുമല്ല. ആകാശം ഭൂമിയേക്കാൾ ഉയർന്നുനില്ക്കുന്നു; അതുപോലെ എന്റെ വഴികളും ചിന്തക ളും നിങ്ങളുടേതിനേക്കാൾ ഉന്നതമത്രേ" (ഏശ 55: 8–9).

2. മുന്തിരിത്തോട്ടത്തിലെ ജോലിക്കാരുടെ ഉപമയിൽ ശിഷ്ടരുടെയും ദുഷ്ടരുടെയുംമേൽ സൂര്യനെ ഉദിപ്പിക്കുകയും നീതിമാന്മാരുടെയും നീതിരഹിതരുടെയുംമേൽ മഴ പെയ്യിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ നീതിനിഷ്ഠയെക്കുറിച്ചാണ് വിവരിക്കുന്നത് (മത്താ 5:45). "എന്റെ ചിന്തകൾ നിങ്ങളുടേതുപോലെയല്ല" (ഏശ 55:8) എന്ന പ്രവാചക വചനം അന്വർത്ഥമാക്കുന്ന ഉപമകൂടിയാണ് മത്തായി സുവിശേഷകൻ ഇവിടെ അവതരിപ്പിക്കുന്നത്. മനുഷ്യന്റെ ഭാവനയ്ക്കും ചിന്തകൾക്കും അതീതമാണ് ദൈവത്തിന്റെ വഴികളും പദ്ധതികളും.

3. 'ഞാൻ നല്ലവനായതുകൊണ്ട് നീ എന്തിന് അസൂയപ്പെടുന്നു'? (20:15). ഗ്രീക്കുഭാഷയിൽ അക്കാലത്ത് ഉണ്ടായിരുന്ന ഒരു ഭാഷാപ്രയോഗമാണ് (idiom) ഈ ചോദ്യത്തിന് ആധാരം. അത് ഇങ്ങനെയാണ്: 'Is your eye evil because I a m good?' തിന്മ നിറഞ്ഞ കണ്ണ് അഥവാ നോട്ടം (evil eye) എന്നതിന് ഗ്രീക്കിൽ ഒഫ്താൽമോസ് പൊണേരോസ് (ophthalmos poneros) എന്നാണ് വാക്ക്. ഈ പദം യേശു നേരത്തെ ഉപയോഗിച്ചിട്ടുണ്ട്: 'കണ്ണാണ് ശരീരത്തിന്റെ വിളക്ക്. കണ്ണ് കുറ്റമറ്റതെങ്കിൽ ശരീരം മുഴുവൻ പ്രകാശിക്കും. കണ്ണ് ദുഷ്ടമാണെങ്കിലോ (ophthalmos poneros) ശരീരം മുഴുവൻ ഇരുണ്ടുപോകും (മത്താ 6:22–23). അപ്പോൾ, ഈ ഉപമയിലെ പ്രധാന ആശയം 'കാഴ്ചപ്പാട്' ആണ്. എല്ലാം വാരികൂട്ടുന്ന, ത്യജിക്കാൻ തയ്യാറല്ലാത്ത മറ്റുള്ളവരോട് കരുണ തോന്നാത്ത കാഴ്ചപ്പാട് ക്രിസ്തുവിന്റെ കാഴ്ചപ്പാടിനു വിരുദ്ധമാണ്.

## III. സന്ദേശം

തിന്മനിറഞ്ഞ കണ്ണ് ദൈവത്തിന്റെ വഴികൾക്ക് വിരുദ്ധമാണ്. ഒരുവന്റെ ഉള്ളിലുള്ള വെളിച്ചത്തെപ്പോലും അത് അന്ധകാരത്തിലാഴ്ത്തും. എല്ലാം വെട്ടിപ്പിടിക്കുക എന്നതിനേക്കാൾ, ത്യജിച്ചു ജീവിക്കാനുള്ള മനസ്സുണ്ടാകുക എന്നതാണ് അഭികാമ്യം. സഹോദരന്റെ നന്മയിൽ അസൂയപ്പെടുന്നവൻ സ്വയം ഇരുട്ടിലേക്ക് തന്നെത്തന്നെ തള്ളിവിടുന്നു.

**ഡോ. സ്റ്റാൻലി മാതിരപ്പിള്ളി**

## IV. പ്രസംഗം: അസൂയ നിർമിക്കുന്ന ആപത്ത്

ഫുൾട്ടെൻ ജെ. ഷീൻ തന്റെ 'വിക്ടറി ഓവർ വൈസ് എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം സൂചിപ്പിക്കുന്നു, ഈ ജീവിതത്തിൽ മെച്ചമായിട്ടുള്ളതെല്ലാം തനിക്കുവേണം. അതിനപ്പുറത്ത് ആർക്കുമുണ്ടാകരുത് എന്നു ചിന്തിക്കുന്നിടത്താണ് അസൂയയുടെ ആരംഭം. മുന്തിരിത്തോട്ടത്തിലെ ജോലിക്കാരുടെ അസൂയ നിറഞ്ഞ ചിന്തകളെക്കുറിച്ചാണ് സുവിശേഷത്തിലെ പ്രതിപാദ്യം. അസൂയയാണ് മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരെ സ്വർഗ്ഗരാജ്യ അനുഭവത്തിൽനിന്നും അകറ്റുന്നത്.

ആദ്യം വന്നവരോടും അവസാനമണിക്കൂറിൽ വന്നവരോടും തുല്യവേദനമാണ് ഉടമസ്ഥൻ വാഗ്ദാനം ചെയ്യുന്നത്. ഇതിൽ എന്തു നീതിയെന്ന് സ്വാഭാവികമായും ചോദിച്ചുപോകും. അ താണ് അവരെ അസൂയയിലേക്ക് നയിക്കുന്നതും. അസൂയ മനുഷ്യനെ പാപത്തിലേക്ക് നയിക്കുന്നു. വിവിധ സമയങ്ങളിൽ ജോലിക്കെത്തുന്നവർക്കു അസൂയ ഉണ്ടാകുന്നു. അത് അവരെ തിന്മയിലേക്ക് നയിക്കുന്നു.

പഴയനിയമത്തിൽ അസൂയ മൂത്ത് മുന്തിരിത്തോട്ടം സ്വന്തമാക്കുന്ന കഥാപാത്രമാണ് ആഹാബ്. നാബോത്തിന്റെ മുന്തിരിത്തോട്ടം സ്വന്തമാക്കാൻവേണ്ടി നടത്തുന്ന ശ്രമങ്ങൾ രാജാക്കന്മാരുടെ 1-ാം ഗ്രന്ഥം 21 -ാം അധ്യായത്തിൽ കാണാൻ കഴിയും. മനുഷ്യനെ പാപത്തിലേക്ക് നയിക്കുന്നത് അസൂയയാണ്. എല്ലാവരും ഒത്തൊരുമയോടെ നിന്നാൽ മുന്തിരിത്തോട്ടത്തിലെ വിളവെടുപ്പ് ഭംഗിയായി പൂർത്തിയാക്കാം. മക്കൾ തമ്മിൽ നിരന്തരം വഴക്കുകൂടുന്ന ഒരു കുടുംബം. അപ്പൻ എത്ര ശ്രമിച്ചിട്ടും അവർ തമ്മിലുള്ള വഴക്കുകൾ പരിഹരിക്കാനാകുന്നില്ല. ഒരു ദിവസം അപ്പൻ ഒരു ഉപായം കണ്ടെത്തി.

മക്കൾ ഓരോരുത്തരേയും അടുത്തുവിളിച്ച് അവർക്ക് മൂന്നുപേർക്കും ഓരോ ജോലികൾ നൽകി. അവരോടു പറഞ്ഞു മുറ്റത്തുകിടക്കുന്ന വിറകുകഷണം രണ്ടായി ഒടിക്കണം. മുന്നുപേരും തങ്ങളുടെ കഴിവു തെളിയിക്കുവാൻ കിട്ടിയ അവസരം മുതലാക്കി വിറകുകഷണം ഒടിക്കുവാൻ ഓടി. മുന്നു പേരും മാറി മാറി ശ്രമിച്ചിട്ടും നടന്നില്ല. അവസാനം ഇളിഭ്യരായി വീണ്ടും പിതാവിന്റെ അടുത്തെത്തി. ആ പിതാവ് മക്കളോട് പറഞ്ഞു, നിങ്ങൾ മൂന്നുപേരും ഒരുമിച്ച് അത് ഒടിക്കുവാൻ നോക്കൂ. അപ്പോൾ നിങ്ങൾക്ക് അത് പിളർക്കുവാനാകും.

അവർ മൂന്നുപേരും ഒത്തൊരുമിച്ച് അത് ഒടിക്കാൻ നോക്കി. അത് വിജയിക്കുകയും ചെയ്തു. പിതാവ് മക്കളോട് പറഞ്ഞു, നിങ്ങൾ തനിയെ ശ്രമിച്ചപ്പോൾ പരാജയപ്പെട്ടുപോയി. എന്നാൽ മൂന്നുപേരും ചേർന്ന് പരിശ്രമിച്ചപ്പോൾ വിജയിച്ചു. ഇതുപോലെ എല്ലാവരും ഒത്തൊരുമയോടെ നിന്നാൽ ഏതു

കാര്യവും നേടിയെടുക്കാൻ സാധിക്കും. മുന്തിരിത്തോട്ടം സ്വർഗ്ഗമാക്കാൻ വേലക്കാർ ഒത്തൊരുമയോടെ നിൽക്കണം. നമ്മുടെ വിവിധ ഉത്തരവാദിത്വങ്ങളും സ്വകാര്യമേഖലകളും ദൈവം നമ്മുടെ കൈയിൽ ഏൽപ്പിച്ചിരിക്കുന്ന മുന്തിരിത്തോട്ടങ്ങളാണ്. എന്തുകിട്ടും എന്ന ചിന്താഗതിയാണ് മുന്തിരിത്തോട്ടത്തിലെ വേലക്കാരെ വേട്ടയാടിയത്. എന്നാൽ എന്തു തങ്ങൾക്ക് നല്കാനാകും എന്ന് ചിന്തിക്കാനായില്ല. നമ്മുടെയും ചിന്തകൾ എന്ത് നേടിയെടുക്കാം എന്നതിനെക്കുറിച്ചാണ്. ദൈവം നമ്മെ ഏൽപ്പിച്ചിരിക്കുന്ന കുടുംബത്തിൽ, സമൂഹത്തിൽ എന്തു നല്കാൻ സാധിക്കും എന്നു ചിന്തിക്കുന്നിടത്താണ് സ്വർഗ്ഗരാജ്യചിന്തകൾ വളരുന്നത്.

**ഫാ. സുബിൻ കിടങ്ങേൻ**

# മത്താ 21:28-32

ഒക്ടോബർ 01, ആണ്ടുവട്ടം 26-ാം ഞായർ

## I. സന്ദർഭം

യേശു തന്റെ പീഡാനുഭവം ഏറ്റുവാങ്ങാൻ ജറുസലെമിലേക്ക് പോകാൻ തീരുമാനിക്കുകയും (മത്താ 20:18) ജറുസലെമിലേക്ക് ഒരു രാജകീയ പ്രവേശനം നടത്തുകയും ചെയ്യുന്നു (21:1-11). ദൈവാലയത്തിൽ എത്തി പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോഴാണ് രണ്ടുപുത്രന്മാരുടെ ഉപമ യേശു പറഞ്ഞത്.

## II. പ്രമേയം

1. രണ്ടുപുത്രന്മാരുടെ ഉപമയിൽ ആരാണ് പിതാവിന്റെ ഇഷ്ടം നിറവേറ്റിയത്? പിതാവിനോട് മുന്തിരിത്തോട്ടത്തിൽ ചെന്ന് ജോലി ചെയ്യാം എന്നു പറഞ്ഞിട്ടും അത് ചെയ്യാതിരുന്നവനോ? അതോ, മുന്തിരിത്തോട്ടത്തിലേക്ക് പോകില്ല എന്നു പറഞ്ഞിട്ടും, പോയി ജോലി ചെയ്തവനോ? യേശു പറഞ്ഞ ഉപമയിലെ രണ്ടുപുത്രന്മാർ പ്രഥമദൃഷ്ട്യാതന്നെ യേശുവിനെ കണ്ടുമുട്ടിയ രണ്ടു വിഭാഗം ആളുകളെ സൂചിപ്പിക്കുന്നതാണ്. ഉപമയിലെ ഒന്നാമൻ, പ്രധാന പുരോഹിതന്മാരെയും ജനപ്രമാണികളെയും ഫരിസേയരെയും സദുക്കായരെയുമൊക്കെ പ്രതിനിധീകരിക്കുന്നു. അവർ എല്ലാം ചെയ്തേക്കും എന്ന് ഭാവിക്കുന്നവരാണ്. എന്നാൽ പ്രവൃത്തിയിൽ ദൈവത്തിന് സ്വീകാര്യമായതൊന്നും അവരിൽനിന്ന് പുറത്തുവരുന്നില്ല. അവർ സ്വയം നീതിമാന്മാരായി ചമയുന്നു. എന്നാൽ, ദൈവസന്നിധിയിൽ അവർ തിരസ്കൃതരാക്കപ്പെടും. കാരണം, അവർ പറയുന്നതല്ലാതെ പ്രവർത്തിക്കുന്നില്ല. ചുങ്കക്കാരും പാപികളുമൊക്കെയാകട്ടെ, രണ്ടാമത്തെ പുത്രനെ പ്രതിനിധാനം ചെയ്യുന്നു.

2. യേശുവിനെ കേട്ടെങ്കിലും അവനിൽ വിശ്വസിക്കുകയോ മാനസാന്തരത്തിന് തയ്യാറാവുകയോ ചെയ്യാത്ത ജനപ്രമാണിമാരേക്കാൾ ദൈവത്തിനു പ്രിയതരം ഈ ദരിദ്രവിഭാഗമാണെന്നാണ് യേശുവിന്റെ വാദം. കാരണം, ഈ വിഭാഗം യേശുവിനെ കേൾക്കുകയും അനുതപിച്ച് സുവിശേഷം സ്വീകരി

ക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് ഇപ്രകാരം ഒരുവിധി പ്രസ്താവന യേശു നടത്തുന്നത്: "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ചുങ്കക്കാരും വേശ്യകളുമായിരിക്കും നിങ്ങൾക്കു മുമ്പേ സ്വർഗരാജ്യത്തിൽ പ്രവേശിക്കുക" (21:31).

3. യേശുവിനു മുമ്പേ, അനുതാപത്തിന്റെ സുവിശേഷം പ്രഘോഷിച്ച യോഹന്നാനെക്കുറിച്ചും യേശു ഇവിടെ പറയുന്നുണ്ട്: "യോഹന്നാൻ നീതിയുടെ മാർഗത്തിലൂടെ നിങ്ങളെ സമീപിച്ചു" (21:32). സ്നാപകന്റെ മാർഗവും ദൗത്യവും യേശുവിന്റേതിൽനിന്ന് വ്യത്യസ്തമായിരുന്നു. യേശു ഒരു പ്രവാചകൻ മാത്രമല്ല, ദൈവപുത്രനുമാണ്. പിതാവായ ദൈവത്തെപ്പോലെ ഒരേ സമയംതന്നെ കരുണയുള്ള പിതാവും വിധിയാളനായ കർത്താവുമാണ്. നീതിയുടെ മാർഗത്തേക്കാൾ കരുണയുടെ മാർഗത്തിലൂടെ സമീപിക്കാൻ യേശുവിനു കഴിയും. എന്നാൽ സ്നാപകൻ അങ്ങനെയല്ല, അദ്ദേഹം തികച്ചും ഒരു പ്രവാചകൻ മാത്രമാണ്. പഴയനിയമ പ്രവാചകന്മാരിലെ അവസാനത്തെ കണ്ണിയാണ്. മറ്റ് പ്രവാചകന്മാരെപ്പോലെ തന്നെ സ്നാപകന് പരിചിതമായിട്ടുള്ളത് നീതിയുടെ ഭാഷയാണ്; കരുണയുടെ ഭാഷ്യമല്ല. നീതിയുടെ മാർഗം പ്രസംഗിച്ച സ്നാപകന്റെ വാക്കുകൾ കേട്ട് ഈ ചുങ്കക്കാരും വേശ്യകളുമൊക്കെ അനുതപിക്കുകയും ദൈവികപാതയിൽ നടക്കുകയും ചെയ്തു. നീതിയെക്കുറിച്ചും നിരന്തരം വാതോരാതെ സംസാരിക്കുകയും നീതിയുടെ പേരിൽ ദരിദ്രരെയും ചുങ്കക്കാരെയുമൊക്കെ വിധിക്കുകയും ചെയ്യുന്ന ഫരിസേയരും പുരോഹിതരുമാകട്ടെ, സ്നാപകനെ സ്വീകരിച്ചതുമില്ല. ഈ കാപട്യത്തെയാണ് യേശു വിമർശിക്കുന്നത്.

## III. സന്ദേശം

ഉപമയിലെ രണ്ടാമത്തെ മകൻ 'പിന്നീട് പശ്ചാത്തപിച്ച്' പിതാവിനെ അനുസരിച്ചു എന്നത് നല്ലൊരു മാതൃകയാണ്. ഇന്നലെവരെ നീ എന്തായിരുന്നു എന്നതല്ല, കരുണയുള്ള ദൈവം നോക്കുന്നത്. ഇന്ന്, ഇപ്പോൾ നീ എന്താണ്, എന്താകാനാണ് ആഗ്രഹിക്കുന്നത് എന്നാണ്. ഇന്നലെകളെ നോക്കി വിധിക്കുന്ന വിധിയാളനായല്ല, ഇപ്പോൾ അനുതപിക്കുന്ന ധൂർത്തപുത്രനോടും കരുണ കാണിക്കുന്ന പിതാവായിട്ടാണ് ദൈവത്തെ സമീപിക്കേണ്ടത്.

**ഡോ. സ്റ്റാൻലി മാതിരപ്പിള്ളി**

## IV. പ്രസംഗം: കേൾവിയും അനുസരണവും

രണ്ടു പുത്രന്മാരുടെ ഉപമയാണ് ഇന്നത്തെ സുവിശേഷം. പിതാവായ ദൈവത്തിന്റെ കല്പനകൾ നമ്മൾ അനുസരിക്കാം എന്നു വാഗ്ദാനം ചെയ്തിട്ടും നാം പലപ്പോഴും അവ അനുസരിക്കാത്തവരായി മാറാറുണ്ട് എന്ന് സുവി

ശേഷം ഓർമിപ്പിക്കുന്നു. ചിലർ തെറ്റു ചെയ്തിട്ടും മാനസാന്തരപ്പെട്ട് ദൈവത്തിലേക്ക് തിരിച്ചുവരുന്നുണ്ടെന്നും സുവിശേഷം പറഞ്ഞുവയ്ക്കുന്നു. തെറ്റു ചെയ്യുക സ്വാഭാവികം. എന്നാൽ തെറ്റു തിരുത്തുക എന്നത് ദൈവികമായ കാര്യമായി സുവിശേഷം ചൂണ്ടിക്കാട്ടുന്നു. സുവിശേഷത്തിലെ രണ്ടാമത്തെ മകനെപ്പോലെ തെറ്റുതിരുത്തി അനുതാപത്തിലേക്കു കടന്നുവരാൻ നമുക്ക് കഴിയണം.

ഇന്നത്തെ സുവിശേഷത്തിലെ രണ്ടുപുത്രന്മാർ രണ്ടു വിഭാഗത്തെ പ്രതിനിധാനം ചെയ്യുന്നു. ദൈവഹിതമെന്ന് അറിഞ്ഞിട്ടു അതനുസരിച്ച് പ്രവർത്തിക്കാത്തവർ ഒരു കൂട്ടർ. ദൈവഹിതമനുസരിച്ചു ജീവിക്കാതെ പോയതിനെ ഓർത്ത് അനുതപിച്ച് ദൈവത്തിലേക്കു തിരിച്ചുവരുന്ന മറ്റൊരു കൂട്ടർ. പശ്ചാത്താപമാണ് ഒരുവനെ സ്വർഗരാജ്യത്തിന് അർഹനാക്കുന്നത് എന്നു വചനങ്ങൾ പഠിപ്പിക്കുന്നു.

ദൈവം നമുക്ക് നല്കുന്ന അവസരങ്ങളെ പ്രത്യേകിച്ച് നന്മ ചെയ്യാനും സുവിശേഷം പ്രഘോഷിക്കാനുമുള്ള അവസരങ്ങളെ നാം ഉപയോഗപ്പെടുത്തണം. സ്വർഗരാജ്യം സ്വന്തമാക്കാൻ കിട്ടുന്ന അവസരങ്ങളെ നാം ഉപയോഗപ്പെടുത്തണം. ചിലപ്പോൾ നന്മ ചെയ്യാൻ ആയിരിക്കും, ചിലപ്പോഴത് പശ്ചാത്തപിക്കാൻ ആയിരിക്കും പ്രായശ്ചിത്തം ചെയ്യാൻ ആയിരിക്കും അല്ലെങ്കിൽ ആത്മീയ കാര്യങ്ങൾ നിർവഹിക്കാനായിരിക്കും. വിമുഖത കാട്ടാതെ ആ നല്ല അവസരങ്ങളെ സ്വർഗരാജ്യം സ്വന്തമാക്കാൻ നാം ഉപയോഗിക്കണം. ഓരോ ദിവസവും ദൈവം സ്വർഗരാജ്യത്തിലേക്ക് പ്രവേശിക്കാൻ അവസരം നല്കുന്നുണ്ട്.

ഒരു കഥയിങ്ങനെയാണ്. ഒരിക്കൽ ഒരു മാർപാപ്പ രോഗശയ്യയിൽ ആയി. ഹൃദയസംബന്ധമായ അസുഖമായിരുന്നു. ലോകം മുഴുവൻ പ്രാർത്ഥനയായി, റോമിൽ സെന്റ് പീറ്റേഴ്സ് സ്ക്വയറിലും ആളുകൾ തടിച്ചുകൂടി പ്രാർത്ഥനയും സങ്കടവും അറിയിച്ചു. അവിടെ തടിച്ചുകൂടിയവർ വിളിച്ചുപറയുന്നുണ്ടായിരുന്നു. "മാർപാപ്പ നീണാൾ വാഴട്ടെ..." മറ്റുചിലർ പറഞ്ഞു: ഞങ്ങളുടെ ഹൃദയം എടുത്തുകൊള്ളുക. മാർപാപ്പയുടെ ജീവിതം രക്ഷിക്കുക.

ജനങ്ങളുടെ സങ്കടം പറച്ചിൽ കേട്ട് ഒരു കർദ്ദിനാൾ പറഞ്ഞു, 'ഞാൻ ഒരു തൂവൽ താഴെക്കിടും അത് ആരുടെമേൽ പതിക്കുന്നുവോ അവരുടെ ഹൃദയം മാർപാപ്പയ്ക്കു നല്കാം.' ഇതുപറഞ്ഞശേഷം തൂവൽ താഴേക്ക് ഇട്ടു. തൂവൽ താഴേക്കു വീഴാതെ മുകളിൽ തന്നെ നിന്നു. കാരണം, ജനം ഞങ്ങളുടെ ഹൃദയം മാർപാപ്പയ്ക്കുവേണ്ടി എടുത്തുകൊള്ളുക എന്നുപറയുകയും ഒപ്പം തൂവൽ ദൂരേക്ക് ഊതി പറപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. പറയുന്നത് പ്രവർത്തിക്കാനും പ്രവർത്തിക്കുന്നത് പറയാനും നമുക്ക് കഴിയണം എന്ന് വചനം പഠിപ്പിക്കുന്നു.

**ഫാ. ആന്റണി ലിജോ ഓടത്തക്കൽ**

# മത്താ 21:33 - 44

ഒക്ടോബർ 08, ആണ്ടുവട്ടം 27-ാം ഞായർ

## I. സന്ദർഭം

യേശുവിന്റെ പീഡാനുഭവത്തിനുമുൻപായി യേശു ജറുസലെം കേന്ദ്രീകരിച്ചു നടത്തിയ പ്രഭാഷണപരമ്പരയുടെ ഭാഗമാണ് മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമ.

## II. പ്രമേയം

1. യേശു പറഞ്ഞ ഉപമയിലെ വീട്ടുടമസ്ഥൻ ഒരു മുന്തിരിത്തോട്ടം നട്ടുപിടിപ്പിച്ചു. മുന്തിരിത്തോട്ടം നട്ടുപിടിപ്പിക്കുന്നത് ശ്രമകരമായ ഒരു ജോലിയാണ്. കല്ലുകൾ പെറുക്കി മാറ്റി മണ്ണ് കൃഷിയോഗ്യമാക്കുന്നതാണ് ഒന്നാം ഘട്ടം. ഇസ്രായേൽ കർത്താവിന്റെ മുന്തിരിത്തോപ്പാണ്; സഭ ക്രിസ്തുവിന്റെയും. ദൈവജനമാകുന്ന മുന്തിരിത്തോപ്പിനെ കൃഷിക്കാരനായ ദൈവത്തിനു യോജിച്ചവിധം ദൈവം അശുദ്ധിയാകുന്ന കല്ലുകളൊക്കെ പെറുക്കിക്കളഞ്ഞ് ദൈവത്തിന് യോഗ്യമായ രീതിയിൽ ഒരുക്കുന്നു. കാട്ടുമൃഗങ്ങളെയും കള്ളന്മാരെയും തടയുന്നതിനായി തോട്ടത്തിനുചുറ്റും വേലികെട്ടുന്നു (സങ്കീ 80:13; ജറെ 49:9). തോട്ടം സംരക്ഷിക്കുന്നതിന് ഒരു കാവൽമാടവും പണിയാറുണ്ട് (ഏശ 5:2).

2. അനീതിയുടെ കഥ കേൾവിക്കാരായ പുരോഹിതന്മാരുടെയും ജനപ്രമാണിമാരുടെയും മുൻപിൽ അവതരിപ്പിച്ചശേഷം യേശു അവരോട് ചോദിക്കുന്നു: മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥൻ വരുമ്പോൾ അവൻ ആ കൃഷിക്കാരോട് എന്തുചെയ്യും? ഈ ചോദ്യം യേശു ചോദിക്കുമ്പോൾ, കേൾവിക്കാരായ ആളുകൾ കൃഷിയിടങ്ങളുടെ മുതലാളിമാരാണ്. ഇത്തരം അനീതികൾ സംഭവിച്ചാൽ അവർ കൃഷിക്കാർക്കെതിരേ, ക്രൂരമായ നടപടികൾ കൈകൊള്ളാവുന്നതാണ് അതുകൊണ്ട്, അവർ ഉത്തരം പറഞ്ഞേ പറ്റൂ. അവർ പറഞ്ഞ ഉത്തരം അവർ സാധാരണ ചെയ്യാറുള്ള കാര്യമാണ്. അതായത്, 'അവൻ ആ ദുഷ്ടരെ നിഷ്ഠൂരമായി നശിപ്പിക്കുകയും യഥാകാലം ഫലം കൊടുക്കുന്ന മറ്റുകൃഷിക്കാരെ മുന്തിരിത്തോട്ടം ഏൽപ്പിക്കുകയും ചെയ്യും.'

3. കേൾവിക്കാരുടെ മറുപടി ശരിവച്ചശേഷം യേശു പ്രതികരിച്ചതു നോക്കുക; 'അതുകൊണ്ട് ഞാൻ നിങ്ങളോട് പറയുന്നു, ദൈവരാജ്യം നിങ്ങളിൽ നിന്നെടുത്ത് ഫലം പുറപ്പെടുവിക്കുന്ന ജനതയ്ക്ക് നല്കപ്പെടും.' അതായത്, യേശുവിന്റെ കേൾവിക്കാരായ പുരോഹിതരും പ്രമാണിമാരും രണ്ടുരീതിയിൽ ഈ ഉപമയുമായി ബന്ധപ്പെട്ടിരിക്കുന്നു.

ഒന്ന്, മുന്തിരിത്തോപ്പിന്റെ ഉടമസ്ഥരായ അവർ അവരുടെ കൃഷിക്കാരോട് ഇത്തരത്തിൽ പെരുമാറാറുണ്ട്. ആ പെരുമാറ്റം തന്നെയാണ് അവർ പറഞ്ഞ ഉത്തരത്തിലുള്ളത്. രണ്ടാമത്തെ കാര്യം, ഉപമയിലെ ദുഷ്ടരായ കൃഷിക്കാരെയും ഇവർ പ്രതിനിധാനം ചെയ്യുന്നുണ്ട്. ദൈവസ്വരത്തിന് കാതുകൊടുക്കാതെ തന്നിഷ്ടം പ്രവർത്തിച്ച നേതൃത്വം വിളവെടുപ്പിനായി ദൈവം അയച്ച പ്രവാചകരെ വധിക്കുകയും ദൈവജനത്തെ വഴിതെറ്റിക്കുകയും ചെയ്തു. ഒടുവിൽ സമയത്തി ന്റെ പൂർണതയിൽ തന്റെ ഏകജാതനെ ദൈവം അയച്ചപ്പോൾ, അവനെ ശ്രവിക്കാനോ മാനസാന്തരപ്പെടാനോ അവർ തയ്യാറാകുന്നില്ല.

## III. സന്ദേശം

ക്രിസ്തുവിശ്വാസികളായ നമ്മളെല്ലാവരും മുന്തിരിത്തോപ്പിന്റെ കാവൽക്കാരായ കൃഷിക്കാരാണ്. നമ്മുടെ സഭയും നമ്മുടെ ഇടവകയും നമ്മുടെ കുടുംബങ്ങളുമെല്ലാം നമ്മുടെ മുന്തിരിത്തോപ്പാണ്. ഉടമസ്ഥനായ കർത്താവ് നമ്മെ ഭരമേല്പിച്ചിരിക്കുന്ന ഈ മുന്തിരിത്തോപ്പുകളിൽ ഉചിതമായ ഫലം പുറപ്പെടുവിക്കുകയും തക്കസമയത്ത് അത് ദൈവകരങ്ങളിൽ ഏൽപ്പിക്കുകയും ചെയ്യാൻ നമുക്കുള്ള വിളിയെ ഓർമിപ്പിക്കുന്നതാണ് ഈ ഉപമ.

**ഡോ. സ്റ്റാൻലി മാതിരപ്പിള്ളി**

## IV. പ്രസംഗം: കർഷക മനസ്സുള്ള ദൈവം

വീണ്ടും ഒരു ഉപമ. കർഷകനായ ദൈവത്തിന്റെ ഉപമ. തന്റെ മുന്തിരിത്തോട്ടത്തിനെ ഒത്തിരി സ്നേഹിക്കുന്ന കർഷകൻ. അതിനു ചുറ്റും വേലികെട്ടി മുന്തിരിച്ചക്കും ഗോപുരവും നിർമിച്ചു സംരക്ഷിക്കുന്ന കർഷകൻ. ഇതിൽ കൂടുതൽ ആ കർഷകന് എന്ത് ചെയ്യാൻ സാധിക്കും? അവൻ ആ തോട്ടം ജോലിക്കാരെ ഏൽപ്പിക്കുന്നു. വരികളിൽ ഏശയ്യാ പ്രവാചകൻ പ്രതിധ്വനിക്കുന്നുണ്ട്. നീതിക്കുവേണ്ടി, ധർമത്തിനുവേണ്ടി കാത്തിരുന്ന പ്രവാചകൻ. അടിച്ചമർത്തപ്പെട്ടവരുടെ നിലവിളിയും നിഷ്കളങ്കരുടെ രക്തവും ഇനി ഉണ്ടാകരുതെന്ന് ആഗ്രഹിച്ച പ്രവാചകന്റെ ചിന്താശകലങ്ങൾ ഉപമയിൽ നിറയുന്നുണ്ട്. ദൈവം കാണാൻ ആഗ്രഹിക്കുന്ന ഒരു ലോകത്തെയാണ് ഉപമ ചിത്രീകരിക്കുന്നത്. അടിച്ചമർത്തപ്പെട്ടവർ ഇല്ലാത്ത, അനീതിയോ അസംബന്ധമോ അട്ടിമറിയോ ഇല്ലാത്ത ഒരു ലോകത്തെ.

വിളവെടുപ്പിന്റെ കാലം വന്നിരിക്കുന്നു. നമ്മെ സംബന്ധിച്ച് ആ കാലം അനുദിനം സംഭവിക്കുന്നുണ്ട് എന്നോർക്കണം. വിളവെടുക്കാൻ പലരും ന

മ്മുടെ ജീവിതത്തിലേക്ക് കടന്നു വരുന്നുണ്ട്; ഒരു വറ്റ് ചോറിനായി, ഒരു നല്ല വാക്കിനായി, ഒരുനറു പുഞ്ചിരിക്കായി, നീതിക്കായി, കരുണയ്ക്കായി, ഒരു പ്രകാശ രശ്മിക്കായി... വിളവെടുക്കാൻ കർഷകൻ തന്റെ മുന്തിരിത്തോപ്പിലേക്ക് ഭൃത്യന്മാരെ അയയ്ക്കുന്നതു പോലെ നമ്മുടെ ജീവിതത്തിലേക്കും ദൈവം ആരെയൊക്കെയോ അയക്കുന്നുണ്ട്. ആ ഭൃത്യർക്ക് എന്തെങ്കിലും നമ്മിൽ നിന്നും ലഭിക്കുമോ? വിളഞ്ഞു പാകമായ ഏതെങ്കിലും ഫലം നമ്മിലുണ്ടോ?

പക്ഷേ, ഉപമ സഞ്ചരിക്കുന്നത് കയ്പുനിറഞ്ഞ, അക്രമത്തിന്റെ ഒരു ചക്രവാളത്തിലേക്കാണ്. തോട്ടത്തിലെ കൃഷിക്കാർ തീരെ നിലവാരമില്ലാത്ത രീതിയിൽ പെരുമാറുന്നു. എന്നിട്ടും അതിന്റെ ഉള്ളിലും നന്മയുടെ കിരണങ്ങൾ ദർശിക്കാൻ ശ്രമിക്കുന്നു കർഷകൻ. ഏത് ദുരിതം വന്നു കൃഷി നശിച്ചാലും തന്റെ മണ്ണിനോടും പ്രകൃതിയോടും ഒരു പരിഭവവും ഇല്ലാതെ വീണ്ടും കൃഷിയിറക്കുന്ന ആ കർഷക തുല്യമായ മനസ്സ്, അതുതന്നെയാണ് ദൈവത്തിന് നമ്മോടും ഉള്ളത്. മുന്തിരിത്തോപ്പിലേക്ക് അവൻ അയച്ച എല്ലാവരെയും കൃഷിക്കാർ അവഗണിക്കുന്നുണ്ട്. എന്നിട്ടും എല്ലാ നിരാകരണകൾക്കു ശേഷവും ആ കൃഷിക്കാരിൽ നിന്നും നന്മയുടെ അവസാനത്തെ തുള്ളിയും പ്രതീക്ഷിച്ചുകൊണ്ട് അവൻ തന്റെ ഏകജാതനെ അയക്കുന്നു.

“ഇവനാണ് അവകാശി; വരുവിൻ നമുക്ക് ഇവനെ കൊന്നു അവകാശം കരസ്ഥമാക്കാം” (മത്താ 21:38). ഉപമ വളരെ സുതാര്യമാണ്. മുന്തിരിത്തോപ്പ് ഇസ്രായേലിനെ പ്രതിനിധീകരിക്കുന്നു, കൃഷിക്കാർ മതാധികാരികളെയും, കൊലചെയ്യപ്പെട്ട ഏകജാതൻ യേശുവും. എന്തിന് ഈ വിദ്വേഷത്തിന്റെയും അക്രമത്തിന്റെയും മാർഗം? ആന്തരികോദ്ദേശ്യം ഒന്നുതന്നെയാണ്: ധനവും അധികാരവുമാണത്. വിളവും തോട്ടത്തിന്റെ അവകാശവും സ്വന്തമാക്കുന്നതിനുവേണ്ടി. ഇതിനോടുള്ള അഭിനിവേശം ഒരു പതിഞ്ഞ സ്വരമായി നമ്മുടെ എല്ലാവരുടെയും ഉള്ളിലുണ്ട്. അതൊരു സർപ്പ സ്വരമെന്നപോലെ രഹസ്യമായി നമ്മോട് പറയുന്നുണ്ട്; എങ്ങനെയെങ്കിലും ശക്തനാവുക, തോൽപ്പിക്കുക, പിടിച്ചെടുക്കുക, ഒന്നാമനാകുക, അടിച്ചമർത്തുക എന്നൊക്കെ... അധികാരത്തിനോടും ധനത്തിനോടുമുള്ള ഈ ആർത്തിയാണ് എല്ലാ രക്തപ്പുഴകളുടെയും ഉറവിടം.

“അങ്ങനെയെങ്കിൽ മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥൻ ആ കൃഷിക്കാരോട് എന്തു ചെയ്യും?” (മത്താ 21:40) ചോദ്യം ഉപമ പറഞ്ഞ യേശുവിന്റേതാണ്. നീതിനിഷ്ഠയുടെ യുക്തിയോട് ചേർന്നുകൊണ്ടാണ് കേൾവിക്കാർ ഈ ചോദ്യത്തിന് ഉത്തരം പറയുന്നത്. അവർ പറയുന്നു, മാതൃകാപരമായ പ്രതികാരം വേണം. പുതിയ കൃഷിക്കാർ, പുതിയ നികുതി എന്നിവ വരണം. അവരുടെ നീതി സങ്കല്പം മുന്നോട്ടു വയ്ക്കുന്നത് തെറ്റു ചെയ്യുന്നവരെ ഇല്ലാതാക്കാനാണ്. പക്ഷേ, യേശു അതിനോട് യോജിക്കുന്നില്ല. പ്രതികാരത്തെ കുറിച്ചോ

കൊല്ലുന്നതിനെ കുറിച്ചോ അവൻ പറയുന്നില്ല. അവൻ ഉപമ പറഞ്ഞു തീർക്കുന്നത് തന്റെ മകനെ കൊന്നവരോടുപോലും പ്രതികാരം ചെയ്യാതെ ആ കർഷകൻ തന്റെ മുന്തിരിത്തോട്ടം ഫലം നല്കുന്ന ഒരു ജനതയ്ക്കു നല്കും എന്നുപറഞ്ഞുകൊണ്ടാണ്.

കായേന്റെ കാലം മുതൽ ദൈവവും മനുഷ്യനും തമ്മിലുള്ള സംഘർഷത്തിന്റെ ഒരു ചരിത്രം ഭൂമിക്ക് പറയാനുണ്ടാകും. ഒന്നുകിൽ തോല്വി അല്ലെങ്കിൽ പ്രതികാരം ഇതാണ് ചരിത്രം. പക്ഷേ, മൂന്നാമതൊരു സാധ്യത ഉപമയിൽ ദർശിക്കുന്നുണ്ട്; മുന്തിരിത്തോപ്പ് ഫലം പുറപ്പെടുവിക്കുന്നവർക്ക് നല്കുക. ദൈവത്തിനും മനുഷ്യനും ഇടയിൽ ദൈവം തോൽക്കുകയാണെങ്കിൽ പിന്നെ സംഭവിക്കുക സ്നേഹത്തിന്റെ അനിർവചനീയമായ ഒരു പെരുമഴ തന്നെയായിരിക്കും. അവന്റെ സ്വപ്നം തനിക്ക് ലഭിക്കേണ്ട ബഹുമാനമോ തന്നോട് മറുതലിച്ചു നിൽക്കുന്നവരോടുള്ള പ്രതികാരമോ ഒന്നും തന്നെയല്ല, മറിച്ച് ലോകം മുഴുവൻ ഫലസമൃദ്ധമായ മുന്തിരിത്തോപ്പാകുകയെന്നതാണ്. അധികാരത്തിനും ധനത്തിനും വേണ്ടിയുള്ള യുദ്ധങ്ങളൊ, രക്തക്കറകളൊ കണ്ണീരിന്റെ കയ്പ്പോ ഇല്ലാത്ത ഒരു ലോകം. നീതിയും സമാധാനവും വിളവെടുക്കുന്ന ഒരു ലോകം. ആർദ്രതയുടെ വിപ്ലവത്തിലൂടെ എല്ലാവരും പരസ്പരം പരിചരിക്കുന്ന ഒരു ലോകം.

**ഡോ. മാർട്ടിൻ എൻ. ആന്റണി O. de M**

# മത്താ 22:1-14

ഒക്ടോബർ 15, ആണ്ടുവട്ടം 28-ാം ഞായർ

## I. സന്ദർഭം

ജറുസലെം ദൈവാലയത്തിൽവച്ച് യേശു പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ, പ്രധാന പുരോഹിതന്മാരും ജനപ്രമാണികളും യേശുവിന്റെ അധികാരത്തെ ചോദ്യം ചെയ്യുകയുണ്ടായി (മത്താ 21:23). ഇതിനെത്തുടർന്ന് യേശു പറഞ്ഞ മൂന്നാമത്തെ ഉപമയാണ് വിവാഹവിരുന്നിന്റെ ഉപമ.

## II. പ്രമേയം

1. ഈ ഉപമയിൽ പ്രധാനമായും വിരുന്നാണ് കേന്ദ്രീകരിച്ചിട്ടുള്ളത്. ദൈവത്തിന്റെ ഏകജാതനായ ക്രിസ്തുവാണ് ഇവിടെ മണവാളൻ. വിരുന്ന് ഒരുക്കുന്ന പിതാവ് ദൈവം തന്നെ. വിരുന്ന് എന്നത് ദൈവ-മനുഷ്യബന്ധം സൂചിപ്പിക്കുന്ന ഉടമ്പടിയാണ്. വിരുന്നിന് പ്രധാനമായും വിളിക്കപ്പെട്ടവർ യഹൂദരാണ്. സീനായ് ഉടമ്പടിയിലൂടെ അബ്രാഹത്തിന്റെ മക്കളെ ദൈവജനമായി ദൈവം ഉയർത്തി. ദൈവപുത്രനായ മിശിഹായുടെ വരവിന് കളമൊരുക്കുക എന്ന വലിയ ദൗത്യമാണ് അവർക്കുള്ളത്. എന്നാൽ ദൈവപുത്രനോടൊപ്പം വിവാഹവിരുന്നിൽ പങ്കുചേരുന്നതിൽ അവർ വൈമുഖ്യം കാട്ടുന്നു. വിരുന്നിന് വിളിച്ചിട്ടും ഒഴിവു പറഞ്ഞ് അതിൽനിന്ന് പിന്മാറുന്ന ആളുകളെ ഇവിടെ പ്രതിനിധീകരിക്കുന്നത് പ്രധാന പുരോഹിതരും ജനപ്രമാണികളും യഹൂദ നേതാക്കളുമൊക്കെയാണ്. ക്ഷണിക്കപ്പെട്ടവർ അയോഗ്യരായപ്പോൾ വഴിക്കവലകളിൽ കണ്ടവരെയൊക്കെ വിവാഹവിരുന്നിനു വിളിച്ചു - ഇവർ യഹൂദരല്ലാത്ത വിജാതീയരാണ്. അവർ യേശുവിൽ വിശ്വസിച്ചു. മുമ്പന്മാർ പിമ്പന്മാരും പിമ്പന്മാർ മുമ്പന്മാരും ആകുന്ന അവസ്ഥ.

2. വിവാഹവസ്ത്രം എന്നത് മാനസാന്തരമാണ്. യേശുവിൽ വിശ്വസിക്കുകയും വിശുദ്ധിയിൽ ജീവിക്കുകയും ചെയ്യുന്നവർക്കാണ് സ്വർഗീയവിരുന്നിൽ പങ്കുചേരാൻ കഴിയുക. യഹൂദനായാലും വിജാതീയനായാലും ജീവിതവി

ശുദ്ധി പ്രധാനപ്പെട്ടതാണ്. കർത്താവിന്റെ പരിശുദ്ധി തിരിച്ചറിയുന്നവർക്ക് അനുതപിക്കാതിരിക്കാനാവില്ല.

## III. സന്ദേശം

ദൈവസന്നിധിയിൽ നിൽക്കാൻ ആർക്കാണ് യോഗ്യത? ദൈവത്തിന്റെ പരിശുദ്ധിയുടെ മുമ്പിൽ സ്വന്തം അശുദ്ധി തിരിച്ചറിയുകയും അനുതാപത്തോടെ പാപാന്ധകാരം വെടിഞ്ഞ് ദൈവത്തിന്റെ പ്രകാശത്തിലേക്ക് (യോഹ 8:12) ഒരു പുതിയ  സൃഷ്ടിയായി (വിവാഹവസ്ത്രം) മാറുകയും ചെയ്യുക എന്നതാണ് പ്രധാനം. സ്വയം വിശുദ്ധി ചമയുന്ന കാപട്യത്തെ ദൈവം വെറുക്കുന്നു.

**ഡോ. സ്റ്റാൻലി മാതിരപ്പിള്ളി**

## IV. പ്രസംഗം: ദൈവിക വിരുന്ന്

മക്കളെ കാണാൻ കൊതിച്ചിരിക്കുന്ന മാതാപിതാക്കൾ. മൂന്നു മക്കളും മൂന്ന് രാജ്യങ്ങളിലാണ് തൊഴിൽ ചെയ്യുന്നത്. അവധിക്ക് മക്കൾ മാതാപിതാക്കളെ കാണാൻ വരാറുണ്ടെങ്കിലും ഒരുമിച്ച് വന്നിട്ട് വളരെയേറെ വർഷങ്ങളായി. മക്കളെ ഒരുമിച്ച് കാണാനുള്ള മോഹം മാതാപിതാക്കൾ മക്കളെ അറിയിച്ചു. നിരന്തരമായ ആവശ്യങ്ങൾക്കൊടുവിൽ, മൂന്നു മക്കളും ഒരുമിച്ച് വരാൻ തീരുമാനിച്ചു. മക്കൾ വരാൻ നിശ്ചയിച്ച ദിവസങ്ങൾ മാതാപിതാക്കൾ എണ്ണിക്കഴിയുകയാണ്. മക്കൾക്കുവേണ്ട സൗകര്യങ്ങളൊക്കെ അവർ ഒരുക്കുകയാണ്. അവർക്ക് വിളമ്പേണ്ട വിഭവങ്ങളെക്കുറിച്ചും മാതാപിതാക്കൾ ആലോചിച്ച് ഉറപ്പിച്ച് കാത്തിരിപ്പ് തുടരുന്നതിനിടയിൽ മക്കൾ ഓരോരുത്തരും മാതാപിതാക്കളോട് അവരുടെ തിരക്കുകളെക്കുറിച്ച് സംസാരിക്കുന്നു. ഓരോ ആളും നിശ്ചയിച്ച ദിവസം എത്താനാകില്ലെന്ന നിസ്സഹായത അറിയിച്ചു. മാതാപിതാക്കളുടെ പ്രതീക്ഷയ്ക്ക് മങ്ങലേറ്റു. തീരുമാനങ്ങൾ തലകീഴ് മറിഞ്ഞു. അവരുടെ രണ്ടുപേരുടെയും സങ്കടങ്ങൾ വലുതായിരുന്നു.

സ്വർഗരാജ്യത്തെക്കുറിച്ചുള്ള ഉപമയിൽ മനുഷ്യരെക്കുറിച്ച് പ്രതീക്ഷ പുലർത്തുന്ന ദൈവസാന്നിധ്യത്തെ കാണുന്നു. മക്കളുടെ വരവും പ്രതീക്ഷിച്ചിരിക്കുന്ന മാതാപിതാക്കളുടെ മനസ്സോടുകൂടിയാണ് ദൈവത്തിന്റെയും കാത്തിരിപ്പ്. "സ്വർഗരാജ്യം തന്റെ പുത്രനുവേണ്ടി വിവാഹവിരുന്നൊരുക്കിയ രാജാവിനു സദൃശം" (22:1-2) എന്നാണ് സുവിശേഷം പറയുന്നത്.

നിത്യജീവന്റെ വിരുന്നുശാലയിൽ കാത്തിരുന്ന ദൈവത്തെ അവഗണിച്ചവർ വയലിലേക്കും വ്യാപാരത്തിനായും പോയിക്കളഞ്ഞുവെന്ന് സുവിശേഷത്തിൽനിന്നും മനസ്സിലാകുന്നു. നല്ല നിലമൊരുക്കാനും സത്യസന്ധമായി വ്യാപാരം നടത്താനും പോകുന്നത് തെറ്റല്ല, അത് ദൈവം തന്ന ദാനമല്ലേ. എന്നാൽ ദാനധർമിയെ അവഗണിക്കുന്ന പ്രവണതയെ താലോലിക്കുന്ന മനോഭാവം ഔചിത്യപൂർണമാണോ എന്ന് ചിന്തിക്കണം. വിരുന്നൊരുക്കി കാത്തിരുന്ന ദൈവത്തെ വിട്ടുകളഞ്ഞാൽ ജീവിതം ഉണ്ടാകുമോ?

Date of Publication: 25 September 2023 / Karunikan RNI No. KERMAL/2007/19623.
Registration No.KL/EKM/ 729/ 2021-23, KL/CR/EKM/WPP-17/2021-2023 (Page 66)

പലവിധ അസൗകര്യങ്ങൾ നിരത്തി ദൈവത്തിൽനിന്ന് അകന്നുപോകുന്നവർ സ്വാഭാവികമായി മനുഷ്യരിൽനിന്നും അകലുന്നു. ആദിമുതലേ, പൊക്കിൾക്കൊടി ബന്ധത്തേക്കാൾ ദൃഢമായ ബന്ധമാണ് ദൈവത്തിന് മനുഷ്യനുമായുള്ളത്.

ദൈവവും നമ്മുടെ പ്രിയപ്പെട്ടവരും ക്ഷണക്കത്തെഴുതാതെ തന്നെ നമ്മെ ക്ഷണിക്കുന്നവരാണ്. അവർക്ക് നമ്മോടുള്ള സ്നേഹസ്പർശനമാണ് നമുക്ക് ലഭിക്കുന്ന ക്ഷണം. അത് നിരസിക്കാൻ പാടില്ല. എന്നും തിരക്കാണെന്ന് ന്യായീകരിക്കുന്നവർക്ക് തിരക്കൊഴിഞ്ഞ നേരമുണ്ടാകില്ല.

ദൈവികമായ കാര്യങ്ങൾക്കായി സമയം ചെലവഴിക്കുന്നതൊക്കെ പാഴ്വേലയായി കരുതുന്നവർക്ക് മാതാപിതാക്കളെയും വേദനിക്കുന്നവരെയും ശുശ്രൂഷിക്കുന്നത് പഴങ്കഥകളാണ്. മാനസികമായി ഐക്യപ്പെടാനുള്ള സമൂഹത്തിന് രൂപം കൊടുക്കാനുള്ള ഇടങ്ങളാണ് ദൈവത്തിന്റെ വിരുന്നുശാലകൾ. ജീവിക്കാനുള്ള ഉദാത്തമായ തത്വം വിളമ്പുന്നത് അവിടെയാണ്. അപ്പസ്തോലന്മാരെ ഊട്ടുശാലയിൽ കൂട്ടിക്കൊണ്ടുവന്നിട്ട് ഈശോ പറഞ്ഞു, “ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ” (യോഹ 13:34). സ്നേഹമെന്ന വിരുന്ന് എവിടെ ഇല്ലാതാകുന്നുവോ അവിടെയെല്ലാം, അസ്വാതന്ത്ര്യവും യുദ്ധവും കലാപവും വഞ്ചനയും പീഡനവും അരങ്ങേറുന്നു. ദൈവത്തിന്റെ രൂപമുള്ള മനുഷ്യനിൽ മനുഷ്യത്വം അസ്തമിക്കുന്നത് സ്നേഹത്തിന്റെ ഉദയസൂര്യനെ ദർശിക്കാത്തതുകൊണ്ടാണ്.

എങ്ങോട് തിരിഞ്ഞാലും ദൈവത്തെ തിരയണം. അപ്പോൾ ആരെയും അകറ്റാനാകില്ല, ഒന്നിനെയും അപ്രസക്തമായി കാണാനുമാകില്ല. മനം നുറുങ്ങിയവരോടൊപ്പം, മുറിവേറ്റവരോടൊപ്പം കൂട്ടിരിക്കുന്നതാണ് ദൈവികവിരുന്നിലെ മികച്ചവശം. അതിന് വഴിതെളിക്കുന്ന പുണ്യങ്ങളാണ് വിശുദ്ധ കുർബാനയും പ്രാർത്ഥനയും. വിരുന്നൊരുക്കി കാത്തിരിക്കുന്ന ദൈവത്തിലേക്കും ആലംബഹീനരിലേക്കും യാത്ര ചെയ്യാം. അങ്ങനെ ദൈവമൊരുക്കിയ വിരുന്നിൽ പങ്കാളികളാകാം.

**ഫാ. ജോയ്. ജെ. കപ്പൂച്ചിൻ**

*Printed Edited and Published by Fr. Jacob Naluparayil, MCBS House, Perumanoor P.O, Kochi -15, Ernakulam Dt Printed at Viani Printings, Kochi-18*